
Monthly Price: 4 Year: 2011



# ബൈബിൾ ട്രൂത്ത്

# THE BIBLE TRUTH

## മനുഷ്യന്റെ ആത്മാവിന്റെ വഴികൾ-സഭാപ്രസംഗി 12: 7

**നമ്മുടെ ആത്മാവ് ദൈവത്തിൽ നിന്നു വരുന്നു. എബ്രായർ 12.9**

അവന്റെ രൂപത്തിൽ നമ്മുടെ ആത്മാവിനെ മെനഞ്ഞി രിക്കുന്നു-1കൊരിന്ത്യർ 15:49

ആദാമിൽനിന്നും എല്ലാവരും വന്നു-പ്രവൃത്തി.17:26 നാം അവനെ പോലെയാകുന്നു.

↓

ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു-1കൊരിന്ത്യർ 13:11
ദൈവരാജ്യം അങ്ങനയുള്ളവരുടേതല്ലോ.
ലൂക്കൊസ് 18:16.

↓

ആത്മാവിന്റെ പക്വതാ നടപടി (മനസ്, ഹൃദയം, മനസാക്ഷി) ശരീരത്തിന്റേയും.

പാപം ആത്മീയ മരണത്തെ കൊണ്ടുവരുന്നു-റോമർ 5:12

നന്മതിന്മകളെകുറിച്ചുള്ള അറിവു എല്ലാവരിലും ഉള്ളതുകൊണ്ട് നാമെല്ലാം പാപം ചെയ്യുന്നു- ഉല്പത്തി. 3:22; 1കൊരിന്ത്യർ 15:22; റോമർ 3:23

---

ഈ സമയത്ത് രണ്ട് പോയിന്റ്:

1. തിന്നുവാനും കുടിക്കുവാനും ആനന്ദിക്കുവാനും തുടങ്ങുന്നു 1കൊരിന്ത്യർ 15:32. — മോശം

   ഫലം: റോമർ 1:18-22; എഫേസ്യർ 4:17-19. 1കൊരിന്ത്യർ 6:9,10
2. പ്രവൃത്തി 2:38; 1കൊരിന്ത്യർ 6:11

**പുതിയ ജനനം**
1പത്രോസ് 1:22, 23

ദൈവവചനം കേൾക്കുന്നു അത് വിശ്വസിക്കുന്നു
റോമർ 10:13-15

↓

മാനസാന്തരപ്പെട്ട് പുതിയ നിയമത്തെ സ്വീകരിക്കുന്നു-പ്രവൃത്തി. 3:19; എബ്രായർ 8:10-12

↓

യേശുവിനോടുചേരുവാൻ സ്നാനം ഏല്ക്കുന്നു- പ്രവൃത്തി. 8:34-39; റോമർ 6:5-11.

↑

കഴുകുന്നു, വിശുദ്ധീകരിക്കുന്നു, നീതീകരിക്കപ്പെടുന്നു

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 25** **March 2011** **No.12**

# എഡിറ്റോറിയൽ

ലോകത്ത് മനുഷ്യർ പെരുകിക്കൊണ്ടിരിക്കുന്നു. അതു ദൈവാനുഗ്രഹം കൊണ്ടുതന്നെയാണ്. പക്ഷെ ഭൂരിഭാഗം പേരും അതിന്റെ ഉദ്ദേശം മനസിലാക്കുന്നില്ല. എന്റേയും നിങ്ങളുടേയും കാഴ്ച്ചപ്പാട് എന്തായിരിക്കണമെന്ന് നമ്മുടെ സൃഷ്ടിതാവ് മുന്നറിയിച്ചിട്ടുണ്ട്. ദൈവത്തെ അനുസരിച്ച് അവനെ മഹത്വപ്പെടുത്തി ജീവിക്കുക എന്നതാണ്. അദൃശ്യനായ ദൈവം ആത്മിയനായതുകൊണ്ട് നമ്മെ ആത്മിയനിലവാരത്തിലുയർത്തുവാൻ അവൻ ആഗ്രഹിക്കുന്നു. എന്നാൽ മനുഷ്യരുടെ കാഴ്ച്ചപ്പാടിനെ മറ്റൊരു അദൃശ്യ ശക്തി മാറ്റുകയാണ് ചെയ്യുന്നത്. കാണേണ്ടതു കാണാതിരിപ്പാനും കാണരുതാത്തതു കാണുവാനും നമ്മെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതു തിരിച്ചറിയുവാനാണ് ദൈവത്തിന്റെ വെളിപ്പാട് നല്കിയിരിക്കുന്നത്. വിശ്വാസത്താൽ മാത്രമെ നമുക്ക് ആത്മിയ കാര്യങ്ങൾ ഗ്രഹിക്കുവാൻ കഴിയു.

എല്ലാ മനുഷ്യരും ലോകത്തിലാണ് ജനിച്ച് വീഴുന്നത്. ഭൗതികമായി നാം കാണുന്നതനുസരിച്ചും ഭൗതികമനുഷ്യരിൽനിന്ന് പഠിക്കുന്നതനുസരിച്ചുമാണ് നാം കാര്യങ്ങളെ വിലയിരുത്തുന്നത്. ലൗകികജ്ഞാനവും ദൈവത്തിന്റെ പരിജ്ഞാനവും രണ്ടും രണ്ടാണ്. ലോകത്തിലുള്ള പലതും മനുഷ്യരെ ആകർഷിക്കുന്നവയാണ്. മോഹമാണ് മനുഷ്യരെ നിയമം ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നത്. ജഡത്തിന്റെ ഇഛ നിവർത്തിക്കുവാനും ലൗകികസുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആളുകൾ വെമ്പൽ കൊള്ളുന്നു. അതുകൊണ്ട് അവർക്ക് അനുഭവിക്കേണ്ടിവരുന്ന അനന്തരഫലത്തെ കുറിച്ച് അവർ ആലോചിക്കുന്നില്ല. താല്ക്കാലിക സുഖത്തിനോ നേട്ടത്തിനോ വേണ്ടി അവർ ചെയ്യുന്ന പ്രവൃത്തികളുടെ അന

ന്തരഫലം നിത്യമായ ദുരിതമായിരിക്കും എന്ന് ഓരോരുത്തരും തിരിച്ചറിയണം. ഈ ലോകജീവിതം ശാശ്വതമല്ല എന്ന് ദൈവം അരുളിച്ചെയ്തിട്ടുണ്ട്. ആ യാഥാർത്ഥ്യം പലരും മറന്നുപോകുന്നു.

ഇന്നു സമൂഹത്തിൽ കാണുന്ന പ്രവണതകൾ അവരെ എവിടെ എത്തിക്കുമെന്ന് അവർ മനസിലാക്കണം. ചെറുതാകട്ടെ വലുതാകട്ടെ നാം ചെയ്യുന്ന പ്രവൃത്തികളുടെ ഫലം നമ്മെ പിന്തുടരുമെന്നത് തർക്കമറ്റ കാര്യമാണ്. ദൈവസാദൃശ്യം നമ്മിൽ തന്നിരിക്കുന്നത് നാം നമ്മുടെ ജീവിതം ക്രമപ്പെടുത്തുന്നതിനാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നാം ദൈവസ്വഭാവത്തിന് കൂട്ടാളികളാകണം. അഴിമതിയും സ്വജനപക്ഷവാദവും വർദ്ധിച്ചുവരുന്ന സമൂഹത്തെ നേർവഴിക്ക് ആക്കുവാൻ ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. മതങ്ങൾക്കോ, രാഷ്ട്രീയ സംഘടനകൾക്കോ, സമുദായങ്ങൾക്കോ അതിന് കഴിയുകയില്ല. കാരണം അവക്ക് ഒന്നിനും ആത്മിയ അടിസ്ഥാനമില്ല. അടിസ്ഥാനം ദൈവവചനത്തിൽ മാത്രമാണുള്ളത്. ഏതൊരു മനുഷ്യനേയും നിലനിർത്തുവാൻ ദൈവഭയം അത്യന്താപേക്ഷിതമാണ്. ശിക്ഷയെ കുറിച്ചുള്ള അറിവും ഉണ്ടായിരിക്കണം.

തെറ്റും ശരിയും വിവേചിച്ച് ശരിയായതിനെ മുറുകെ പിടിക്കുവാനുള്ള ധാർമ്മികമായ കടമ എല്ലാ മനുഷ്യർക്കുമുണ്ട്. പക്ഷെ അതിന് എല്ലാറ്റിന്റേയും പരമാധികാരിയെ നാം മാനിച്ച് അവന്റെ നിർദ്ദേശം സ്വീകരിക്കണം. പലർക്കും സംഭവിക്കുന്ന കുഴപ്പമെന്തെന്നാൽ അവർ ദൈവത്തിൽ ആശ്രയിക്കുന്നതിനേക്കാൾ മനുഷ്യരിൽ ആശ്രയിക്കും. അപ്പോൾ നാം അവരുടെ ശരികളെ പിൻപറ്റുമ്പോൾ തെറ്റുകളെയും പിൻപറ്റും. എന്നാൽ ദൈവത്തെ മാത്രം പൂർണ്ണമായി ആശ്രയിച്ചാൽ നാം ഒരിക്കലും നിരാശരാകുകയില്ല. കാരണം ദൈവം എല്ലാറ്റിലും തികഞ്ഞവനാണ്. നമ്മുടെ ബലഹീനതകൾക്കും അപര്യാപ്തതകൾക്കും പരിഹാരം ദൈവത്തിൽനിന്നാണ് കാണേണ്ടത്. അവന്റെ വചനം പരിശോധിക്കുക.

യേശുക്രിസ്തു മാത്രമാണ് ഒരു തികഞ്ഞ മനുഷ്യന്റെ മാതൃക നമുക്ക് കാണിച്ചു തന്നിരിക്കുന്നത്. അതു തികച്ചും പ്രായോഗികമാണ്. അത് അസാധ്യമെന്ന് കരുതുന്നവർക്ക് അങ്ങനെ ആയേക്കാം. പക്ഷെ വേണമെന്ന് വിചാരിച്ചാൽ ആ നിലവാരത്തിലേക്ക് നമുക്ക് ഉയരുവാൻ കഴിയും. യേശുവിനെ വാസ്തവത്തിൽ അനുഗമിച്ചവർ അതു തെളിയിച്ചിട്ടുണ്ട്. സത്യമായ ദൈവവചനം അതിന് സാക്ഷ്യം നല്കുന്നുണ്ട്.

✶

# നമുക്കെല്ലാവർക്കും പരിശുദ്ധാത്മ സ്നാനം ലഭിക്കുമോ?

## *J.C* ചോട്ട്

കർത്താവിനെ അനുസരിക്കുന്ന എല്ലാവർക്കും പരിശുദ്ധാത്മ സ്നാനം ലഭിക്കും അഥവാ ലഭിക്കണം എന്ന വിശ്വാസമാണ് അനേകർക്കുള്ളത്. അങ്ങനെ വിശ്വസിച്ചുകൊണ്ടു അപ്പൊസ്തലന്മാരുടെ കാലയളവിൽ അവർ അത്ഭുതം ചെയ്തതു പോലെ ഇന്നും അത്ഭുത രോഗശാന്തിയും മറ്റും നടത്താനുള്ള ശക്തി ലഭിക്കും എന്ന കണക്കുകൂട്ടലിലാണ് ഇവർ. അപ്പൊസ്തലന്മാർക്കു ലഭിച്ചതുപോലെ 120 പേർക്കും പരിശുദ്ധാത്മ സ്നാനം ലഭിച്ചുഎന്നു തെറ്റായി ഇവർ ധരിച്ചു വച്ചിരിക്കയാണ്. ഇതിന്റെ ശരിയായ സ്ഥിതി എല്ലാവരും അറിഞ്ഞിരിക്കണം (പ്രവൃത്തി 1:15; 2:1-4). മുകളിൽ കൊടുത്ത ചോദ്യത്തിന് ഉത്തരം കണ്ടെത്തുമ്പോൾ അതു പ്രയോജനപ്രദമാകും.

1 കർത്താവു ഈ ലോകത്തു നിന്നു മടങ്ങി പോകുന്നതിനു മുൻപ് ആർക്കാണ് പരിശുദ്ധാത്മാവു എന്ന കാര്യസ്ഥനെ വാഗ്ദാനം ചെയ്തത്?

ഉത്തരം: അപ്പോസ്തലന്മാരോടു സംസാരിക്കുമ്പോൾ ക്രിസ്തു പറഞ്ഞു: “ഞാൻ പിതാവിന്റെ അടുക്കൽ നിന്നു നിങ്ങൾക്കു അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെടുന്ന സത്യാത്മാവു വരുമ്പോൾ അവൻ എന്നെകുറിച്ച് സാക്ഷ്യം പറയും. നിങ്ങളും ആദിമുതൽ എന്നോടുകൂടെ ഇരിക്കകൊണ്ടു സാക്ഷ്യം പറവിൻ” (യോഹന്നാൻ 15:26,27). സ്വർഗ്ഗാരോഹണത്തിനു മുമ്പ് കർത്താവ് വീണ്ടും പതിനൊന്നു പേരോടു പറയുകയുണ്ടായി “എന്റെ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നു അവരോടു പറഞ്ഞു” (ലൂക്കൊസ് 24:49). അപ്പോസ്തല പ്രവൃത്തി ഒന്നാം അദ്ധ്യായം എട്ടാം വാക്യത്തിലും ഈ വാഗ്ദാനം കാണാം. ഇതിൽ നിന്നും അപ്പൊസ്തലന്മാർക്കായിരുന്നു ഈ പ്രത്യേക വാഗ്ദാനം എന്നു ഗ്രഹിക്കാവുന്നതാണ്.

2 അപ്പൊസ്തല പ്രവർത്തികൾ ഒന്നാം അദ്ധ്യായത്തിൽ പറയുന്ന 120 പേർക്കു പരിശുദ്ധാത്മ സ്നാനം ലഭിച്ചുവോ?

ഉത്തരം: അപ്പൊസ്തല പ്രവൃത്തികൾ ഒന്നും രണ്ടും അദ്ധ്യായങ്ങൾ വായിച്ചാൽ അവിടെ മുഖ്യമായി പരാമർശിക്കുന്നതു അപ്പൊസ്തലന്മാരെ കുറിച്ചാണെന്നു വ്യക്തമാകും. തിരുവെഴുത്തുകളുടെ മൂല കയ്യെഴുത്തു പ്രതികൾ അദ്ധ്യായങ്ങളും വാക്യങ്ങളുമായി തരംതിരിച്ചിരുന്നില്ല. പ്രവൃത്തി 1: 26-ൽ യൂദക്കു പകരം മത്ഥിയാസിനെ തിരഞ്ഞെടുത്തു എന്നും അവനെ പതിനൊന്നു പേരോടു കൂടെ എണ്ണപ്പെട്ടു എന്നും കാണാം. പെന്തെകൊസ്തുനാൾ വന്നപ്പോൾ അപ്പൊസ്തലന്മാർ എല്ലാവരും ഒരുമിച്ചു ഒരു സ്ഥലത്തു കൂടിയിരുന്നു. അപ്പൊസ്തലന്മാരിൽ എല്ലാവരും പരിശുദ്ധാത്മാവു ശക്തിയോടെ വന്നു നിറഞ്ഞു. അഗ്നിജ്വാലകൾ പോലെ പിളർന്നിരിക്കുന്ന നാവുകൾ അവരിൽ പ്രത്യക്ഷമായി. ആത്മാവു ഉച്ചരിപ്പാൻ നല്കിയതുപോലെ അവർ അന്യ ഭാഷകളിൽ സംസാരിപ്പാൻ തുടങ്ങി (പ്രവൃത്തി 2:1-4).

കേൾവിക്കാർക്കു വിസ്മയം ജനിച്ചു. കാരണം വ്യത്യസ്ഥമായ ഭാഷകളിലാണ് അപ്പൊസ്ഥലന്മാർ സംസാരിച്ചത്. പഠിക്കാത്ത ഭാഷയിൽ പെട്ടെന്നു സംസാരിക്കാനുള്ള കഴിവ് ദൈവാത്മാവിന്റെ ശക്തിയാലാണ് ലഭിച്ചത് ഈ അന്യഭാഷയിൽ സംസാരിച്ചവർ എല്ലാം ഗലീലക്കാർ അല്ലയോ എന്നു കൂടി വന്നിരുന്നവർ ചോദിക്കുന്നു (വാക്യം 7). 120 പേരല്ല, മറിച്ച് അപ്പോസ്തലന്മാരെയാണ് ഗലീലക്കാർ എന്നു പറഞ്ഞിരിക്കുന്നത്. ആർക്കു ദൈവാത്മാവു പകരും എന്നു വാഗ്ദാനം ചെയ്തുവോ അതേ അപ്പോസ്തലന്മാർക്കാണ് ഇപ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തി ലഭിച്ചത്. അതിനാൽ അവർ അന്യഭാഷകളിൽ സംസാരിച്ചു. ദൈവത്തിന്റെ വൻകാര്യങ്ങളെ അത്ഭുതകരമായി സംസാരിച്ചതു കൂടി വന്നവർക്കു മനസിലായി. അപ്പോസ്തലന്മാരിൽ പരിശുദ്ധാത്മാവു നേരിട്ടു പ്രവർത്തിക്കാൻ തുടങ്ങിയതിന്റെ ആരംഭമായിരുന്നു ഇത്.

3 അത്ഭുതകരമായ പരിശുദ്ധാത്മ സ്നാനവും പ്രവൃത്തി 2:38 -ൽ പറഞ്ഞിരിക്കുന്ന പരിശുദ്ധാത്മാവെന്ന ദാനവും ഒന്നു തന്നെയാണോ?

ഉത്തരം: അല്ല, പ്രവൃത്തി 2:38-ൽ പറഞ്ഞിരിക്കുന്നതു വചനപ്ര

കാരം വിശ്വസിച്ചു. മാനസാന്തരപ്പെട്ടു ക്രിസ്തുവിനെ ഏറ്റു പറഞ്ഞു പാപമോചനത്തിനായി ഓരോരുത്തൻ സ്നാനമേല്ക്കുമ്പോൾ ഓരോ വ്യക്തിയിലും നല്കുമെന്നു പറഞ്ഞിരിക്കുന്ന ദാനമാണ്. അനുസരിക്കുന്നവർക്കു നല്കുന്ന ആത്മാവ് എന്നു പ്രവൃത്തി 5:32-ൽ പറയുന്നുണ്ട്.

4 പെന്തെക്കോസ്തു നാളിൽ അവിടെയുണ്ടായിരുന്ന എല്ലാ വിശ്വാസികളിലും പരിശുദ്ധാത്മ സ്നാനം നടന്നു എന്നു വേറെ ചിലർ വിശ്വസിക്കുന്നുണ്ട്. അതിനാൽ അവർക്കു അത്ഭുതങ്ങളും അടയാളങ്ങളും ചെയ്വാൻ കഴിയുന്നു എന്നതാണ് അവരുടെ ധാരണ അങ്ങനെയെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട ഏഴു ശിഷ്യന്മാർക്കു അത്ഭുതം ചെയ്യുവാനുള്ള ശക്തി ലഭിക്കേണ്ടതിനും അപ്പോസ്തലന്മാർ എന്തിനു കൈവെച്ചു? (പ്രവൃത്തി 6:3-6).

ഉത്തരം: വാസ്തവത്തിൽ അപ്പോസ്തലന്മാർക്കു മാത്രമാണ് പരിശുദ്ധാത്മ സ്നാനം ലഭിച്ചത്. മറ്റുള്ളവർക്കെല്ലാം അവർ വെള്ളത്തിൽ പാപമോചനത്തിനായി സ്നാനം ഏല്ക്കുമ്പോൾ അവരിൽ വസിക്കേണ്ടതിനു ദൈവാത്മാവിനെ ദാനമായി നല്കുന്നു. അപ്പൊസ്തലന്മാർക്കു മാത്രം ലഭിച്ച ഒന്നാണ് പരിശുദ്ധാത്മസ്നാനം. അതുകൊണ്ട് അവർക്കു അത്ഭുത വരം പകർന്നു കൊടുക്കാനുള്ള അധികാരവും ഉണ്ടായിരുന്നു. പ്രവൃത്തി ഒന്നാം അദ്ധ്യായത്തിലെ നൂറ്റിയിരുപതുപേർക്കോ രണ്ടാം അദ്ധ്യായത്തിലെ മൂവായിരം പേർക്കോ പരിശുദ്ധാത്മ സ്നാനം ലഭിച്ചിരുന്നില്ല.

ജനങ്ങളെ ശുശ്രൂഷിപ്പാൻ തിരഞ്ഞെടുത്ത ഏഴു പുരുഷന്മാർ നല്ല സാക്ഷ്യംകൊണ്ടവർ ആയിരുന്നു. ജ്ഞാനമുള്ളവർ, പരിശുദ്ധാത്മാവു നിറഞ്ഞവർ ഒക്കെ ആയിരുന്നു. അവർക്കു പരിശുദ്ധാത്മാവ് എന്ന ദാനം അവർ സ്നാനമേറ്റപ്പോൾ ലഭിച്ചു. പക്ഷെ അതിനാൽ അവർക്കു അത്ഭുത ശക്തി പ്രകടിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അപ്പോസ്തലന്മാർ കൈ വെച്ചശേഷം അവർക്കു അത്ഭുതവരം ലഭിക്കയും അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കയും ചെയ്തു (പ്രവൃത്തി.6:6-8).

5 ഇന്നു ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു പരിശുദ്ധാത്മ സ്നാനം ലഭിക്കുമോ?

ഉത്തരം: ഇല്ല. ആ പ്രത്യേക സ്നാനം യെഹൂദന്മാരെ പ്രതിനിധി

കരിച്ചു അപ്പൊസ്തലന്മാർക്കും ജാതികളെ പ്രതിനിധീകരിച്ചു കൊർന്നെല്യോസിനും കുടുംബത്തിനും മാത്രമാണ് ലഭിച്ചിരുന്നത്. പ്രത്യേക ഉദ്ദേശം നിറവേറ്റാൻ വാഗ്ദത്തം ചെയ്യപ്പെട്ട സംഭവമായി രുന്നു അത്. ഇവർക്ക് ലഭിച്ച ശക്തിയാൽ തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക വ്യക്തികൾക്കു അവർ കൈവെച്ചു നല്കിയതായിരുന്നു അത്ഭുത വരങ്ങൾ. ഈ സാധാരണക്കാർക്ക് മറ്റുള്ളവരിലേക്ക് ഇത് പകരുവാൻ കഴിഞ്ഞിരുന്നില്ല. ദൈവോദ്ദേശ പ്രകാരം നടന്ന ഇത്തരം അപൂർവ്വ കാര്യങ്ങൾ എല്ലായ്പ്പോഴും നടക്കണമെന്നോ എല്ലാവ രിലും നടക്കണമെന്നോ ശഠിക്കുന്നതു ശരിയല്ല (പ്രവൃത്തി 6:ച 8:14 –17).

പരിശുദ്ധാത്മാവിന്റെ ഈ അത്ഭുതശക്തി ഒന്നാം നൂറ്റാണ്ടിൽ മാത്രം മിതമായി നിന്നിരുന്നു. അന്നു സഭ ശൈശവ പ്രായത്തിലാ യിരുന്നു. വചനം എഴുതി കൊണ്ടിരിക്കുന്നതേ ഉള്ളു. അത്ഭുതങ്ങ ളാൽ വചനത്തെ ഉറപ്പിച്ചുകൊണ്ടിരിക്കുന്ന സമയവുമാണ്.

6 ഇന്നു ആളുകൾ സ്നാനം ഏല്ക്കുമ്പോൾ എന്തു ലഭിക്കുന്നു?

ഉത്തരം: നാം കർത്താവിനെ അനുസരിക്കുമ്പോൾ പരിശുദ്ധാ ത്മാവ് എന്ന ദാനം വാഗ്ദാനമായി ലഭിക്കുന്നു (പ്രവൃത്തി 2:38). അതിൽ അത്ഭുത ശക്തി ഉൾപ്പെടുന്നില്ല. നമുക്ക് എന്തുകൊണ്ടു അത്ഭുത ശക്തി ലഭിക്കുന്നില്ല? കാരണം നമ്മെ വഴി നടത്തുവാൻ സ്ഥിരീകരിക്കപ്പെട്ട വചനം ഉണ്ട് (മർക്കൊസ് 16:17; യോഹന്നാൻ 20:30–31). ദൈവ വചന കേൾവിയാലാണ് ആളുകൾക്ക് വിശ്വാസം വരേണ്ടത് (റോമർ 10:17). അത്ഭുതം കാണുന്നതുകൊണ്ടല്ല.

✶

# തികഞ്ഞ പ്രവാചകൻ

## *J.L* ലീഫെസ്റ്റെ

നൂറ്റാണ്ടുകൾക്കു മുമ്പ് ആവശ്യമായിരുന്നതു പോലെ ഇന്നും ക്രിസ്തുവിന്റെ ഉപദേശം ആവശ്യമാണ്. ആത്മാവിന്റെ രക്ഷക്കും നിത്യ ജീവനും മറ്റു മാർഗ്ഗമൊന്നുമില്ല (1 പത്രൊസ് 1:18,19). നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഉദ്ദേശവും അവൻ വെളിപ്പെടുത്തിയി ട്ടുണ്ട്. അവന്റെ അരുളപ്പാടുകൾ നേരിട്ടു വായിച്ചു മനസിലാക്കാം

(മത്തായി 5:2;7:20; ലൂക്കൊസ് 17:1-10). അവൻ പ്രവൃത്തികളിൽ ദൈവീകത്വം വെളിപ്പെടുത്തിയിട്ടുണ്ട്. ഉപമകളായി അവൻ പലതും പഠിപ്പിച്ചിട്ടുണ്ട് (മത്തായി 4: 23,24; 21:27).

സുവിശേഷത്തിന്റെ ഭാഗമായി ദൈവശ്വാസിയരായ അപ്പൊസ്തലന്മാരും മറ്റു പ്രവാചകന്മാരും അവന്റെ ദൂത് എഴുതുകയുണ്ടായി. അതുകൊണ്ടാണ് നമുക്ക് വായിച്ചു മനസിലാക്കാൻ കഴിയുന്നത്. ദൈവാത്മാവിനാൽ നയിക്കപ്പെട്ട ഈ എഴുത്തുകാർ ഒരു തെറ്റും കൂടാതെ എഴുതുകയുണ്ടായി. പുതിയ നിയമം വായിക്കുമ്പോൾ അതിൽ ഉള്ള ഭാഗങ്ങൾ ദൈവ വചനമായിട്ടു നാം കണക്കിലെടുക്കണം.

ഈ ലോകത്തു ജീവിക്കുന്ന ഏതു മനുഷ്യാത്മാവിനും സംഭവിച്ചുകൊണ്ടിരിക്കുന്ന ആത്മീയ നഷ്ടം ബോധ്യപ്പെടുത്തുന്ന ദൂതാണത് (യോഹന്നാൻ8:24; റോമർ 3:23). ഈ പാപത്തിന്റെ കുഴപ്പത്തിൽ നിന്നു മോചനം നേടുവാനുള്ള വഴിയുണ്ടെന്നു കൂടെ ബോധ്യപ്പെടുത്തുന്നു (1കൊരിന്ത്യർ 15:1-4). പുതിയ നിയമ കല്പനകളും മാതൃകകളും അനുസരിച്ചാലേ ഒരാൾ യഥാർത്ഥ ക്രിസ്ത്യാനിയായി തീരുന്നുള്ളു എന്നതു പ്രാധാന്യമർഹിക്കുന്നു (പ്രവൃത്തി 2:36-41). ശരിയായ ആരാധനയാണ് ക്രിസ്ത്യാനികൾ അനുവർത്തിക്കേണ്ടത് എന്നു നമ്മെ ഓർപ്പിക്കുന്നുണ്ട് (യോഹന്നാൻ 4:24; പ്രവൃത്തി 20:7). വർത്തമാന കാലത്തിൽ അവന്റെ എല്ലാ ശിഷ്യന്മാരും അനുസരിക്കേണ്ട മറ്റൊരാജ്ഞയാണ് സുവിശേഷം അറിയിക്കൽ. ദൈവം നമ്മിൽ തന്നിരിക്കുന്ന കടമയാണ് (മത്തായി 28:18-20; മർക്കൊസ് 16:35,36). അതു ആരും അവഗണിക്കരുത്. കാരണം അവൻ രക്ഷകനായ ദൈവമാണ്. അവനെ അസുസരിച്ചില്ലെങ്കിൽ ശിക്ഷിക്കാനുള്ള അധികാരം അവനുണ്ട്. നമ്മുടെ ജീവിത നന്മക്കായി ഒരുക്കിയിരിക്കുന്ന സുവിശേഷ സത്യം നാം അനുസരിച്ചാൽ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും പ്രയോജനമുണ്ട്. തികഞ്ഞ പ്രമാണങ്ങളും മാറ്റമില്ലാത്ത വാഗ്ദാനങ്ങളും അവന്റെ വചനത്തിൽ ഉള്ളതുകൊണ്ടു നമുക്കു ധൈര്യത്തോടെ അവനെ പിൻപറ്റാം.

## ഭാവി

ക്രിസ്തുവിന്റെ ഭുതകാലത്തെയും വർത്തമാനകാലത്തെയും മനസിലാക്കുമ്പോൾ അവനിലെ പ്രവാചക ശ്രേഷ്ടത്വം നമ്മിൽ ഉറപ്പി

ക്കുന്നു. എന്നാൽ അവൻ ഭാവിയിലും പ്രവർത്തിക്കുന്നവനാണ്. അതുകൂടെ നാ പരിശോധിച്ച് പരിഗണിക്കേണ്ടതാണ്.

തന്റെ ഭൂമിയിലെ ജീവിതാരംഭം മുതൽ സ്വർഗ്ഗാരോഹണം വരെ പല സംഭവങ്ങളും അവൻ മുന്നറിയിച്ചിട്ടുണ്ട്. ഹെരോദാവിന്റെ ആലയവും ഭൗതിക യെരുശലേം നഗരവും നശിപ്പിക്കപ്പെടും എന്നു അവൻ പ്രവചിച്ചിരുന്നു (മത്തായി 24:1,2; ലൂക്കൊസ് 19:42–44; 20:24). അവനെ തള്ളിപ്പറയുമെന്നും ഒറ്റിക്കൊടുക്കുമെന്നും പറയുകയുണ്ടായി (മത്തായി 26:20–25; യോഹന്നാൻ 13:11). അവന്റെ തന്നെ കഷ്ടതയും, മരണവും ഉയിർത്തെഴുന്നേൽപും മുന്നറിയിച്ചിരുന്നു (മർക്കൊസ് 8:31; ലൂക്കൊസ് 9:22). പരിശുദ്ധാത്മാവിന്റെ ആവിർഭാവവും, ആത്മീയരാജ്യ സ്ഥാപനവും, ഉപദ്രവവും, സുവിശേഷ പ്രസംഗവും പ്രവചിച്ചിരുന്നു (മത്തായി 24:4–14; മർക്കൊസ് 9:1; ലൂക്കൊസ് 13:23–30; യോഹന്നാൻ 7:39; പ്രവൃത്തി 1:1). തന്റെ രണ്ടാം വരവിനെയും ന്യായവിധിയെയും മുന്നറിയിച്ചിട്ടുണ്ട് (മത്തായി 11:20–24; യോഹന്നാൻ 5:22,30).

✶

# ക്രിസ്തുവിന്റെ സഭ എന്തുകൊണ്ടു വ്യത്യസ്തം?

### ചക്ക് വെബ്സ്റ്റർ

“ഉപകരണങ്ങൾ ഉപയോഗിച്ചു സംഗീതം ആലപിക്കാത്ത സഭ നിങ്ങളാണ് അല്ലേ”? “നിങ്ങൾ മാത്രമെ സ്വർഗ്ഗത്തിൽ പോകയുള്ളു എന്നു കരുതുന്ന കൂട്ടം നിങ്ങൾ അല്ലേ”? ഇങ്ങനെയോ അല്ലെങ്കിൽ ഇതുപോലുള്ളതോ ആയ പ്രസ്താവനകൾ കർത്താവിന്റെ സഭയെ കുറിച്ചു പറയുന്നതു കേട്ടിരിക്കാം. ക്രിസ്തുവിന്റെ സഭക്ക് വ്യത്യാസമുണ്ട് എന്ന് അധികം ആളുകൾക്കും പ്രത്യേകിച്ചു നാമധേയ വിഭാഗങ്ങൾക്കു അറിയാം. പക്ഷെ ആ വ്യത്യാസങ്ങൾ എന്തെല്ലാമെന്നു ശരിയായി പറയുവാൻ അവർക്കു അറിഞ്ഞുകൂടാ. അവർ ആരാധനക്കു വരുമ്പോഴോ മറ്റോ അവർക്കു പുറമെ ദൃശ്യമായ ചില പഴുതുകളാണ് അവർ ശ്രദ്ധിച്ചിരിക്കുക. എന്നാൽ ഒരു സുപ്രധാനകാര്യം

നാം മനസിലാക്കേണ്ടതുണ്ട്. ഈ പുറമെ കാണുന്ന വ്യത്യാസങ്ങൾക്കിടയിൽ വളരെ പ്രാമുഖ്യമായ വ്യത്യാസങ്ങൾ ഉണ്ട്. അവ ക്രിസ്തുവിന്റെ സഭയുടെ അടിസ്ഥാനത്തിൽ തന്നെ കിടക്കുന്നു. അവ മറ്റു മതപരമായ സമുദായങ്ങളിൽ നിന്നും കർത്താവിന്റെ സഭയെ വ്യത്യാസമുള്ളതാക്കുന്നു.

## മതപരമായി എന്തു ചെയ്യുവാനും ബൈബിൾ മാതൃകയാണ്.

ഭൂരിഭാഗം നാമധേയ വിഭാഗങ്ങളും പിൻപറ്റുന്നതു അവർ തന്നെ എഴുതി ഉണ്ടാക്കിയ വിശ്വാസ പ്രമാണങ്ങളോ വ്യാഖ്യാന പുസ്തകങ്ങളോ ആയിരിക്കും. എന്നാൽ ക്രിസ്തുവിന്റെ സഭക്കു അത്തരം നിയമാവലികൾ ഇല്ല. കാരണം ദൈവ വചനത്തിൽ മനുഷ്യന്റെ ജീവനും ഭക്തിക്കും അവശ്യമായതൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിയിലും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു (2തിമൊഥെയോസ് 3:16,17). തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യ ശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലൊ (2പത്രൊസ് 1:3). ദൈവം നമുക്കു വേണ്ടിയതു എല്ലാം നല്കിയിരിക്കുമ്പോൾ മറ്റു നിയമാവലികളോ പുസ്തകങ്ങളോ ആവശ്യമുണ്ടോ? ഇല്ല. തന്നെയുമല്ല ബൈബിളിൽ എഴുതി വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ നാം വായിച്ചാൽ നമുക്കു ഗ്രഹിക്കാം (എഫെസ്യർ 3:4). ദൈവ വചന സത്യം ആളുകൾ അറിയും എന്നും അതു അവരെ സ്വതന്ത്രമാക്കുമെന്നും യേശു പറയുകയുണ്ടായി (യോഹന്നാൻ 8:32). നാം അറിയേണ്ടതെല്ലാം ബൈബിളിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

## ബൈബിളിലെ നിശബ്ദതയെ മാനിക്കണം.

ചരിത്രത്തിൽ മുഴുവനും ഏതാനും ആളുകൾ അവലംബമാക്കിയിരിക്കുന്ന ഒരു പൊതുവായ തത്വം അനേകം ദുരുപദേശങ്ങൾക്കു വഴി തെഴിക്കുകയുണ്ടായി. ബൈബിളിൽ പ്രത്യേകമായി വിലക്കിയി

ട്ടില്ലാത്ത കാര്യങ്ങളെ പഠിപ്പിച്ച് ആചരിപ്പിക്കുന്ന രീതിയാണ് പരാമർശിക്കുന്നത്. പിന്നീട് അത് ഒരു പരിശീലനമായി തുടരാൻ അനുവദിക്കുന്നു.

ധാരാളം നാമധേയവിഭാഗങ്ങൾ ഈ തത്വം ഇന്നും അനുവർത്തിക്കുന്നുണ്ട്. എന്നാൽ പഴയ നിയമ കാലത്തു ദൈവം മനുഷ്യരോടു എങ്ങനെ ഇടപെട്ടിരുന്നു എന്നു നോക്കുക. മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ ദൈവത്തിന്റെ പുരോഹിതന്മാരായിരുന്ന നാദാബിനെയും അബീഹുവിനെയും ഉദാഹരണമായി എടുക്കാം (ലേവ്യാപുസ്തകം 10:1-2). ഏതു തരത്തിലുള്ള അഗ്നിയാണ് പുരോഹിതന്മാർ തനിക്കു അർപ്പിക്കേണ്ടതു എന്നു ദൈവം പറഞ്ഞിരുന്നു. പക്ഷെ ഏതെല്ലാം അഗ്നികൾ ഉപയോഗിക്കരുത് എന്നു പറഞ്ഞിരുന്നില്ല. അവർ എന്തു ചെയ്യണമെന്നു അവൻ അവരോടു അരുളിച്ചെയ്തിരുന്നു. അതിൽ മറ്റുള്ളവ ഒഴിവാക്കുവാനുള്ള കാര്യവും ഉൾപ്പെടുന്നു. എന്തു കാരണത്താലായാലും ദൈവം പറയാത്ത അഗ്നി ഉപയോഗിച്ചതിനാൽ സ്വർഗ്ഗത്തിൽ നിന്നു തീ ഇറങ്ങി വന്നു അവരെ ദഹിപ്പിച്ചു കളഞ്ഞു. മാനുഷികമായി നോക്കുമ്പോൾ അവർ ചെയ്ത തെറ്റു നിസാരം. പക്ഷെ ദൈവ സന്നിധിയിൽ ഏതു തെറ്റും ഒരുപോലെയാണ്.

മുകളിൽ കണ്ട ഉദാഹരണത്തിൽ നിന്നും നോഹയുടെ കാലത്തെ സംഭവത്തിൽ നിന്നും നാം പഠിക്കുന്ന പാഠം എന്ത്? (ഉല്പത്തി 6:9). ദൈവം പറഞ്ഞ മാതൃകയിലും രീതിയിലും മാത്രമെ നാം കാര്യങ്ങൾ ചെയ്യാവു. അതിനെ മാററുവാനോ പകരം മറ്റെന്തെങ്കിലും ചെയ്യുവാനോ പാടില്ല. അക്കാരണത്താലാണ് ഞങ്ങളുടെ ആരാധനാസ്ഥലങ്ങളിൽ ഉപകരണങ്ങൾ ഒന്നും കാണാത്തതു. അതുപയോഗിക്കുന്നവർ അനവധിന്യായീകരണങ്ങൾ നിരത്തിയേക്കാം. അതെല്ലാം പുതിയ നിയമ നിശബ്ദതക്കു ഭംഗം വരുത്തുന്നതല്ലേ? പുതിയ നിയമത്തിൽ പാട്ടുകൾ പാടുവാൻ പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക (എഫെസ്യർ 5:19; കൊലൊസ്യർ 3:16). ഇതേ കാരണത്താൽ തന്നെയാണ്; കർത്തൃമേശയിൽ അപ്പത്തിനു പകരം ബന്നോ മറ്റു ദോശയോ ഉപയോഗിക്കാത്തത്. ആരാധനയിൽ നൃത്തമോ ചാട്ടമോ ബഹളമോ വെക്കാതിരിക്കുന്നതിന്റെ കാരണവും ഇതു തന്നെ. നാം എങ്ങനെ ആരാധിക്കണമെന്നു ദൈവം

പറഞ്ഞിട്ടുണ്ട്. അവയിൽ പറയാത്ത കാര്യങ്ങൾ നാം എന്തിനു കൂട്ടി ച്ചേർക്കണം. മനുഷ്യ ബുദ്ധിയോ ആലോചനയോ, കാര്യകാരണമോ അല്ല ദൈവം നോക്കുന്നതു എന്നു നാം അറിഞ്ഞിരിക്കണം.

## രക്ഷിക്കപ്പെടുവാൻ നാം ദൈവത്തെ അനുസരിക്കണം

നാമധേയ വിഭാഗത്തിൽപെട്ട ആളുകളോട് "രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണ"മെന്നു ചോദിച്ചാൽ കിട്ടുന്ന ഉത്തരം ഏതാണ്ടു ഇതു പോലെയായിരിക്കും. "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക, അവനെ നിങ്ങളുടെ രക്ഷിതാവായി ഹൃദയത്തിൽ സ്വീകരിക്കുക." ബൈബിൾ അടിസ്ഥാന തത്വത്തിനു വിപരീതമാണ് ഈ ഉപദേശമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ദൈവാനുഗ്രഹങ്ങൾ ലഭിക്കുവാൻ മനുഷ്യൻ എപ്പോഴും ദൈവത്തെ അനുസരിക്കണം. അനുസരിക്കേണം എന്നു പറയുമ്പോൾ രക്ഷനേടിയെടുക്കയാണ് എന്ന് തെറ്റിദ്ധരിക്കരുത്. ആർക്കും രക്ഷ നേടിയെടുക്കാവുന്ന രീതിയിൽ സൽപ്രവൃത്തികൾ ചെയ്യാവുന്നതല്ല. അതിനർത്ഥം അനുസരണം വേണ്ട എന്നുമല്ല. ഇസ്രയേൽ ജനത്തിനു യെരിഹോ പട്ടണം കൊടുക്കുവാൻ ദൈവം ആഗ്രഹിച്ചു. എന്നാൽ അതു ലഭിക്കേണ്ടതിനു അവർ ദൈവത്തിന്റെ കൽപന പ്രമാണിക്കേണ്ടിയിരുന്നു (യോശുവ 6). ദൈവം അവർക്കു പട്ടണം കൊടുക്കും എന്ന ദൈവത്തിന്റെ കഴിവിലുള്ള അവരുടെ വിശ്വാസം മാത്രം പോരായിരുന്നു. അവരുടെ വിശ്വാസം മാത്രംപോരാ. അനുസരണവും ആവശ്യമാണ് (പ്രവൃത്തി 2:37,38). പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാണ് (യാക്കോബ് 2:20). അനുസരണമില്ലാത്ത വിശ്വാസം വ്യർത്ഥമാണ്. അടിസ്ഥാനമായി വിശ്വാസം വേണം. പക്ഷെ അതു മാത്രം പോരാ എന്നതാണ് തിരുവചന സത്യം.

★

# എന്റെ നാളുകൾ എത്ര

### ക്ലൊ തർമാൻ

നാം ലൗകീകമായവക്കായി നമ്മളെ ഏല്പിച്ചു കൊടുക്കുന്നുവെങ്കിൽ ലൗകീകമായ ഫലങ്ങൾ മാത്രമെ പ്രതിക്ഷിക്കാവു. ലോക

ത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതെല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രെയാകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു (1യോഹന്നാൻ 2:15-17). നമ്മുടെ ലക്ഷ്യം ഈ ലോകജീവിതത്തിലാണെങ്കിൽ ഫലവും ഈ ലോകപ്രകാരമായിരിക്കും. എന്നാൽ വരുവാനുള്ള ലോകത്തെകുറിച്ചു ചിന്തിക്കുന്നവരും ആ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവരും ക്ഷമയോടെ കാത്തിരുന്നു ഫലം സ്വീകരിക്കും. അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കയില്ല എന്നു അപ്പൊസ്തലൻ വ്യക്തമാക്കിയിട്ടു വിവിധ പാപങ്ങൾ ചെയ്യുന്നവരെ വിവരിച്ചിരിക്കുന്നു. തുടർന്നു പറയുന്നതു; നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും നിങ്ങൾ കർത്താവായ യേശുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു (1കൊരിന്ത്യർ 6:10,11).

## ഞങ്ങളുടെ നാളുകൾ എണ്ണുവാൻ ഉപദേശിക്കേണമേ

സുവിശേഷം അനുസരിക്കുവാൻ നീട്ടിവെക്കുന്നവർ ഉണ്ട്. നമ്മുടെ നാളുകളുടെ നീളം ആർക്കും അറിഞ്ഞുകൂടാ. ദാവീദ് മറ്റൊരു സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതു, ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ എന്നാണ്(സങ്കീർത്തനങ്ങൾ 90: 12). മരണം ആർക്കും നിശ്ചയമില്ലാത്തതുകൊണ്ടും മരണശേഷം നമുക്കു ഒന്നും ചെയ്യാൻ സാധിക്കാത്തതുകൊണ്ടും ദൈവത്തെ അനുസരിക്കുന്നതു മാറ്റി വെക്കാവുന്നതല്ല എന്നതു നാം മറക്കരുത്.

മരുഭൂമിയിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ഇസ്രായേൽ മക്കൾ ദൈവത്തെ അനുസരിക്കാതിരുന്നു. ദൈവത്തിന്റെ മുന്നറിയിപ്പുകളെ അവർ അവഗണിച്ചു. "സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ടതിന്നു അവിശ്വാസമുള്ള ദുഷ്ട ഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ". അങ്ങനെ

അവിശ്വാസം മൂലം അവർക്കു ദൈവത്തിന്റെ സ്വസ്ഥതയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല (എബ്രായർ 3:12,19). അവന്റെ സ്വസ്ഥതയിൽ പ്രവേശിപ്പാനുള്ള വാഗ്ദത്തം ശേഷിച്ചിരിക്കയാൽ നിങ്ങളിൽ ആർക്കെങ്കിലും അതു ലഭിക്കാതെ പോയി എന്നു വരാതിരിപ്പാൻ നാം ഭയപ്പെടുക എന്നു അതേ ലേഖകൻ നമ്മെ മുന്നറിയിക്കുന്നു (എബ്രായർ 4:1). ഇസ്രായേൽ ജനത്തിനു കനാൻ ദേശം വാഗ്ദാനം ചെയ്തതു ഒരു നിബന്ധനയോടു കൂടെയായിരുന്നു. ആ നിബന്ധന അവർ പാലിക്കാതിരുന്നതുകൊണ്ടു സ്വസ്ഥതയും ലഭിച്ചില്ല. പുതിയ നിയമത്തിലും നിത്യജീവനും സ്വർഗ്ഗീയ സ്വസ്ഥതയും നിബന്ധനയോടെയാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. നാം വിശ്വസ്തതയോടെ അനുസരിച്ചാൽ നമുക്കു സ്വസ്ഥത ലഭിക്കും. ഇല്ലെങ്കിൽ നഷ്ടമാകും.

## കാണാത്ത കാര്യങ്ങളാണ് നിത്യമായവ

അതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു. എങ്കിലും ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താല്ക്കാലികം; കാണാത്തതോ നിത്യം (2കൊരിന്ത്യർ 4:16 -18). നിങ്ങളുടെ ലക്ഷ്യം എന്താണ്? ജീവിത പൂർത്തീകരണത്തിനു നിങ്ങൾ എവിടെയാണ് നോക്കുന്നത്? അബ്രഹാം നമുക്ക് നല്ലൊരു മാതൃകയാണ്. ദൈവം ശില്പിയായി അടിസ്ഥാനമുള്ളതായി നിർമ്മിച്ച ഒരു നഗരത്തിനായി അവൻ കാത്തിരുന്നു. അബ്രഹാം ഇസഹാക്കിലേക്കും അവൻ യാക്കോബിലേക്കും ഈ പൂർത്തീകരണം വരുത്തുന്നുണ്ട്. സ്വർഗ്ഗീയമായ ഒരു ലക്ഷ്യമായിരിക്കണം എല്ലാവർക്കും വേണ്ടത് (റോമർ 4:16). കൊലോസ്യർക്കു ലേഖനമെഴുതുമ്പോൾ അപ്പോസ്തലൻ സൂചിപ്പിച്ചതു: സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കയും ചെയ്തു (കൊലൊസ്യർ 2:12).

യേശു സകല മനുഷ്യർക്കും വേണ്ടി മരണം ആസ്വദിക്കയാൽ

നമുക്ക് അവന്റെ രക്തം മുഖാന്തരം രക്ഷ കിട്ടുന്നു (എബ്രായർ 2:2; 1പത്രൊസ് 1:18,19). യേശു ഉയർത്തെഴുന്നേറ്റതിനാൽ പുനരുത്ഥാന മെന്ന പ്രത്യാശ നമുക്കുണ്ട്. ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്ത ഒരു സ്വർഗ്ഗീയ നഗരം നിർമ്മിച്ചിരിക്കുന്ന കർത്താവ് എത്ര നല്ലവൻ. പക്ഷെ നാം അതു പ്രാപിക്കുവാനായി നിബന്ധനകൾ അനു സരിക്കണം. ഇപ്പോഴാകുന്നു അതിനുള്ള സമയം. രക്ഷക്കുള്ള സമയം ഇന്നു തന്നെയാണ്. നമ്മുടെ നാളുകൾ എത്ര എന്നു നാം അറിയാത്തതുകൊണ്ടു രക്ഷ നീട്ടിവെക്കരുത്.

✶

# ക്രിസ്തുവിന്റെ സഭയെ കണ്ടെത്തൽ

## ഡാൽട്ടൻ കീ

പലർക്കും പുതുമ തോന്നുന്ന കാര്യങ്ങളിൽ ഒന്നാണ് ബൈബി ളിലെ സഭ. എന്നാൽ നാമധേയ വിഭാഗങ്ങൾ വലുതും ചെറുതും പ്രചുരപ്രചാരത്തിലിരിക്കുന്നു. ശരിയായതും ദൈവത്താൽ അംഗീ കരിക്കപ്പെടുന്നതുമായ ഏക സഭ പലർക്കും അജ്ഞാതമായിരി ക്കുന്നു എന്നത് പരമാർത്ഥമാണ്. ക്രിസ്തുവിന്റെ സഭ എന്ന പുതിയ നിയമ സഭയെ എല്ലാവരും തിരിച്ചറിയേണ്ടതാണ്. ക്രിസ്തു പണിയും എന്നു പറഞ്ഞ സഭയെ അവൻ പണിതു കഴിഞ്ഞു (മത്തായി 16:18). ആ സഭ അവന്റെ ആത്മീയ ശരീരമാണ് ആത്മീയമായി നമ്മെ രക്ഷി ക്കുന്നതും സൗഖ്യം നല്കുന്നതും ക്രിസ്തുവാണ് (എഫെസ്യർ 5:25). ആ സഭ ഒന്നു മാത്രമാണുള്ളത്. അതിനു പ്രത്യേക ഗുണ വിശേഷ ണങ്ങൾ ഉണ്ട് (എഫെസ്യർ 1:22,23; 4:4,5). സഭ എന്നു പറയുമ്പോൾ ഭൗതികമായ ഒരു പ്രസ്ഥാനമോ കെട്ടിടമോ, അല്ല. വിളിച്ചു വേർതി രിക്കപ്പെട്ട, സത്യം അനുസരിച്ചവരുടെ മനസിൽ എത്തുന്ന ചിത്രവും ദൈവം വെളിപ്പെടുത്തിയിരിക്കുന്ന വ്യത്യാസവും നാം അറിഞ്ഞിരി ക്കണം.

ഇന്നത്തെ സഭ ക്രിസ്തുവിന്റെ സഭയായി അറിയപ്പെടണമെങ്കിൽ അതിന്റെ അടിസ്ഥാനം, നിലനില്പ് പ്രത്യേകതകൾ എന്നിവ പുതിയ നിയമത്തിലേതായിരിക്കണം.പുതിയ നിയമത്തിൽ വായിക്കാത്ത പ്രത്യേകതകൾ ഉണ്ടെങ്കിൽ അതു ക്രിസ്തുവിന്റെ സഭയല്ല എന്നു

നിസംശയം പറയും. മനുഷിക പ്രമാണങ്ങൾക്കോ ഉപദേശ ങ്ങൾക്കോ ഉപദേശ നിശബ്ദതക്കോ കർത്താവിന്റെ ശരീരം അനു വാദം കൊടുക്കുന്നില്ല. ദൈവേഷ്ടപ്രകാരമുള്ള സഭയാണ് ക്രിസ്തു വിന്റേത്. ദൈവീകമായി വിലക്കു വാങ്ങപ്പെട്ട ഒരു ശരീരമാണ് തിരു വെഴുത്തിൽ വായിക്കുന്ന സഭ. രേഖപ്പെടുത്തിയിട്ടുള്ള അടയാള ങ്ങളാണ് ആ സഭക്കു ഉള്ളത്. ഇവ നോക്കി തിരിച്ചറിയാൻ സാധി ക്കും.

പുരാതന കാലത്തിൽ ആരംഭിച്ചതായ ക്രിസ്തുവിന്റെ സഭയെ എല്ലാം കൊണ്ടും തിരിച്ചറിയാവുന്നതായിരുന്നു. യോഹന്നാന്റെ സ്നാനത്തെ പഠിപ്പിച്ചിരുന്ന അപ്പൊല്ലോസിന്റെ സഭയെ ഉദാഹരണ മായി എടുക്കാം (പ്രവൃത്തി 18:24-28). ഇതാണോ യേശു പണിയു മെന്നു പറഞ്ഞ സഭ? ഇത്തരം ഒരു കൂട്ടത്തിൽ നിന്ന് കർത്താവിന്റെ സഭയെ വേർതിരിച്ചു കാണുവാൻ കഴിയുമായിരുന്നോ? ദൈവീക മായ പരിച്ഛേദനയോ മോശെയുടെ ന്യായപ്രമാണമോ ആളുകളെ ക്കൊണ്ടു ആചരിപ്പിക്കുന്ന സഭ ഉണ്ടായിരുന്നെങ്കിൽ എന്നു ചിന്തി ക്കുക (ഗലാത്യർ 5:1-4). ഇന്ന് അറിയപ്പെടുന്ന സഭകൾ ക്രിസ്തുവി ന്റേതെന്നു ആളുകൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. പക്ഷെ അതി നുള്ള ഉത്തരവാദിത്വം മനുഷ്യർക്കാണ്. വസ്തുതകൾ വിവേചിച്ച് മനസിലാക്കാതിരുന്നതാണ് കാരണം. സ്വേച്ഛാരാധന നടത്തുന്ന കൂട്ട രുണ്ട്. വാദ്യമേളങ്ങൾ ആരാധനക്കു വീര്യം പകരുവാനോ മറ്റോ ഉപയോഗിക്കുന്നവർ ഉണ്ട്. യാന്ത്രികമായി അവർ ചെയ്യുന്നതിനെ പല രീതിയിലും ആളുകൾ ന്യായീകരിച്ചിട്ടുണ്ട്. അവരുടെ തോന്ന ലുകൾക്കനുസരിച്ച് ചെയ്യുന്നതിനെ ദൈവം അംഗീകരിക്കുമോ എന്ന താണ് അവർ ചിന്തിക്കേണ്ടത്.

ഓരോരുത്തർ അവരവരുടെ മനോധർമ്മപ്രകാരം ആരാധിക്കു കയാണെങ്കിൽ ദൈവ നിയമത്തേയും നിബന്ധനയേയും അവർ കണക്കാക്കുന്നില്ല എന്നു വരുന്നു. അതു നിഷേധാത്മകമായ ഒന്നാ ണ്. തിരുവെഴുത്തിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന രീതിയിൽ നമസ്ക്കരിച്ചാൽ മാത്രമേ ദൈവം പ്രസാദിക്കയുള്ളു. ആത്മിയമായി നാം എന്തു ചെയ്താലും അതു ദൈവഹിതമായിരിക്കണം.

✶

# ഈ ലോകത്തിനു അനുരൂപമാകരുത്

## ഗ്യാരി മെക്ഡെയ്ഡ്

ദൈവത്താൽ നിയോഗിക്കപ്പെട്ടവരായിരുന്നു അപ്പൊസ്തലന്മാർ. അവർ ദൈവശ്വാസീയരുമായിരുന്നു. തിരുവെഴുത്തിലെ എല്ലാ പുസ്തകങ്ങളും അങ്ങനെ എഴുതപ്പെട്ടതാണ്. തന്റെ ലേഖനത്തിൽ അപ്പൊസ്തലനായിരുന്ന പൗലൊസ് ഇപ്രകാരം എഴുതി: സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ (റോമർ 12:1,2). ഈ ലോകത്തിനു അനുരൂപമാകുക എന്നു പറഞ്ഞാൽ ലോകത്തിലുള്ളവരുമായി പോരുത്തപ്പെട്ടു പോകുക എന്നർത്ഥം. അവരുമായി വിട്ടുവീഴിച്ചക്കു തയ്യാറാവുക എന്നതു ദൈവത്തോടുള്ള നിഷേധമാണ്.

ദൈവേഷ്ടത്തിനു വിരുദ്ധമായിട്ടുള്ള ഏതൊരു പ്രവർത്തിക്കായും വിട്ടു വീഴ്ച്ച പാടില്ല. മനുഷ്യർക്ക് രസമുള്ളതു പലതും ലോകത്തിൽ ഉണ്ട്; അവയെല്ലാം ദൈവമക്കളെയും ആകർഷിക്കാനിടയുണ്ട്. പക്ഷെ ദൈവവചനമാണ് ഒരു പൈതലിനെ സംബന്ധിച്ചു മുഖ്യം. യുവാവായിരുന്ന തിമൊഥെയോസിനു പൗലൊസ് കൊടുക്കുന്ന നിർദ്ദേശം പ്രസ്താവ്യമാണ്. വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നില്ക്ക; സകലദീർഘ ക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്യുക; പ്രബോധിപ്പിക്ക; അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടു കഥ

കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും. അപ്പൊസ്തലൻ മുന്നറിയിച്ചതു ഇന്നു സംഭവിക്കുന്നു എന്നതു വാസ്തവമാണ്. ദൈവ വചനത്തോടു കൂട്ടുചേർക്കുന്നവരുണ്ട്. പക്ഷെ സത്യസന്ധരായ ക്രിസ്ത്യാനികൾ ദൈവ വചനം അങ്ങനെ തന്നെ പ്രസംഗിക്കും. അതിനു യാതൊരു വിട്ടുവീഴ്ച്ചയും നടത്തുകയില്ല.

വിട്ടുവീഴ്ച്ചയെകുറിച്ചുള്ള നിങ്ങളുടെ കാഴ്ച്ചപ്പാട് എന്താണ്? നമുക്കു ചുറ്റുമുള്ള നാമധേയ വിഭാഗങ്ങളെല്ലാം ലോകത്തിനു അനുരൂപപ്പെട്ടു പോകുന്നു എന്നു പറയാം. ഈ വിട്ടു വീഴ്ച്ച വളരെ അപകടം നിറഞ്ഞതാണ് എന്നതിനു സംശയമേയില്ല. അതുകൊണ്ടാണ് വിഭാഗങ്ങളിൽ സത്യത്തിനു സ്ഥാനമില്ലാത്തത്. എന്നാൽ സത്യം പഠിച്ചു അനുസരിച്ചവർ സത്യത്തിൽ നിലനിൽക്കണം. ലോകത്തിലുള്ള നാമധേയ വിഭാഗങ്ങളുമായി വിട്ടു വീഴ്ച്ച ചെയ്യുവാൻ ശ്രമിച്ചാൽ അതു പരീക്ഷണത്തിനു കീഴ്പ്പെടുന്നതു പോലെയാണ്. ആളുകളെ അനുകരിക്കുന്ന പ്രവണത ഈ കാര്യത്തിലും കണ്ടുവരുന്നു. നാമധേയ വിഭാഗങ്ങൾ ചെയ്യുന്നതു ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ഉണ്ട്. ഭൂരിഭാഗവും ചെയ്യുന്ന ഒഴുക്കിൽ പെട്ടു കാര്യങ്ങൾ ചെയ്യുവാൻ താൽപര്യപ്പെടുന്നവരും ഇല്ലാതില്ല. സത്യത്തെയും അസത്യത്തെയും നീതിയെയും അനീതിയെയും തിരിച്ചു കാണാൻ കഴിയാത്തവരാണിവർ. ദൈവ ജനമായിരുന്ന ഇസ്രായേൽ ദേശം മറ്റുദേശങ്ങളിലേക്ക് നോക്കിയതു കൊണ്ടു അവർ ഒരു രാജാവിനെ ആവശ്യപ്പെട്ടു. അതു ദൈവത്തിനു ഇഷ്ടമല്ലായിരുന്നു. എങ്കിലും അവരുടെ നിർബന്ധം നിമിത്തം അതു അനുവദിച്ചു കൊടുത്തു.

സത്യത്തിനു വിട്ടുവീഴ്ച്ച ചെയ്യാതിരിക്കുന്ന കർത്താവിന്റെ സഭയെയും ഉപദേഷ്ടാക്കന്മാരെയും ആളുകൾ കുറ്റപ്പെടുത്തുന്നുണ്ടാകാം. അതു കാര്യമാക്കേണ്ട. ദൈവം ആരുടെ പക്ഷത്താണുള്ളതെന്നു നമുക്കു അറിവുള്ളതാണല്ലോ. ലോകത്തുള്ള ആളുകളുടെ ആയുധമാണ് വിട്ടുവീഴ്ച്ച. ആ വിട്ടുവീഴ്ച്ച അവർ സത്യത്തിനു എതിരായി നടത്തുന്നു. സത്യം അനുസരിച്ചവർ അവരോട് വിട്ടുവീഴ്ച്ച ചെയ്യണമെന്ന് അവർ ആവശ്യപ്പെടും. എന്നാൽ അവർ എന്തു കൊണ്ടു സത്യത്തിനു വേണ്ടി സത്യം അനുസരിക്കാൻ വിട്ടുവീഴ്ച്ച കാണിക്കുന്നില്ല എന്നതാണ് വിസ്മയാവഹം. അവരുടെ ദുരഭിമാനമായിരിക്കാം അതിനും വിഘാതമായിരിക്കുന്നതു. അതെന്തായാലും

സത്യത്തേക്കാൾ വിലയുള്ളതു ഈ ലോകത്തിൽ മറ്റൊന്നുമില്ല. ലോകവും ലോകത്തിലുള്ളതും താല്ക്കാലികമാണ്. പക്ഷെ ദൈവ വചനമാകുന്ന സത്യമോ എന്നേക്കും നിലനില്ക്കും. സത്യത്തിന്റെ ഉപയോഗവും അതിന്റെ ശക്തിപ്രഭാവവും തിരിച്ചറിഞ്ഞവർ മറ്റൊരു വിട്ടുവീഴ്ച്ചക്കു തുനിയുകയില്ല. പണത്തിനു വേണ്ടിയോ സ്ഥാനമാനങ്ങൾക്കു വേണ്ടിയോ ദൈവത്തിന്റെ സത്യത്തെ ആരും ബലി കഴിക്കരുത്. വിവാഹത്തിനു വേണ്ടി കർത്താവിന്റെ സഭയെയും, ആത്മാവിനേയും വിട്ടു കളയുന്നതു എത്ര ഖേദകരമാണെന്നു നാം മനസിലാക്കണം.

സഭ ഉപദേഷ്ടാക്കന്മാർക്കുള്ളതല്ല. അവരുടെ ഇഷ്ടമനുസരിച്ച് സഭയെ പ്രചാരത്തിലെത്തിക്കുവാനോ അവരുടെ സ്വാധീനത്തിനൊത്തവണ്ണം പുതിയ പരിശീലനങ്ങൾ സഭയിൽ അടിച്ചേല്പിക്കാനോ പാടില്ല. ക്രിസ്തുവിന്റെ സഭക്കു അതിന്റെ ആവശ്യമില്ല. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നകന്നു ഓരോ പേരിൽ അറിയപ്പെടാൻ തുടങ്ങിയതു മുതൽ നാമധേയ വിഭാഗങ്ങളിൽ അവരുടേതായ പല കണ്ടുപിടുത്തങ്ങളും അവർ നടപ്പിലാക്കിവരുന്നുണ്ട്. ക്രിസ്തുവിന്റെ സഭയെ അവയിൽ നിന്നു വ്യത്യാസമുള്ളതാക്കി നിർത്തിയിരിക്കുന്നത് അതാണ്. സഭ ക്രിസ്തുവിന്റേതാണ്. സഭയുടെ അധികാരവും തലയും ക്രിസ്തുവാണ്. സഭയെ വിലെയ്ക്കു വാങ്ങിയത് കർത്താവാണ് (മത്തായി 16:18; പ്രവൃത്തി 20:28; എഫെസ്യർ 1:22,23). സഭ പണിയുവാൻ യത്നിച്ചതു ക്രിസ്തുവാണ്. ആകയാൽ ക്രിസ്തുവിന്റെ ഉപദേശത്തിൽ അധികാരപ്പെടുത്തിയിട്ടുള്ള വചനത്തിലെ പ്രബോധനവും പരിശീലനവും ആണ് സഭ എടുക്കേണ്ടത്. എഴുതിയിരിക്കുന്നതിനു അപ്പുറമായ നാം ചിന്തിക്കരുത് (1 കൊരിന്ത്യർ 4:6). സഭയെ രക്ഷിക്കുവാനും ശിക്ഷിക്കുവാനും കഴിയുന്ന കർത്താവിനാണ് സഭയുടെ പ്രവർത്തനം എങ്ങനെ നടത്തണമെന്നു പറയുവാനുള്ള അധികാരം. മനുഷ്യർക്ക് നല്ലതെന്നു തോന്നുന്നതു ദൈവത്തിനു തോന്നണ്ടേ? ഒരു മനുഷ്യനു ഒന്നു ചൊവ്വായി തോന്നും. പക്ഷെ അതിന്റെ അന്തമോ നാശമത്രെ എന്നു തിരുവെഴുത്തു സൂചിപ്പിക്കുന്നു. അതു ഇക്കൂട്ടർ മറന്നു കളയുന്നു.

ഇങ്ങനെ ബൈബിളിനു അന്യമായ കാര്യങ്ങൾ ചെയ്യുന്നവർ പലപ്പോഴും പറഞ്ഞു കേൾക്കാറുള്ള ഒഴികഴിവുകളാണ് "ബൈബി

ളിൽ അങ്ങനെ ചെയ്യരുതെന്നു പറഞ്ഞിട്ടില്ലല്ലോ" എന്നതു. തെറ്റായ കാര്യങ്ങളെ ന്യായീകരിക്കാൻ ആളുകൾ ഈ വിധത്തിലുള്ള ഒഴികഴിവുകൾ നിരത്തും. ഉദാഹരണങ്ങൾ പലതും അവരിൽ നിന്നു കേൾക്കാം. "സ്നാനം കഴിക്കുമ്പോൾ കയ്യടിക്കരുതെന്ന് പറഞ്ഞിട്ടില്ലല്ലോ" ഒരു പ്രസംഗം കഴിയുമ്പോൾ കയ്യടിച്ച് പ്രോത്സാഹിപ്പിക്കരുതെന്നു പറഞ്ഞിട്ടില്ലല്ലോ, ആരാധനയിൽ വാദ്യം ഉപയോഗിക്കരുതെന്ന് പറഞ്ഞിട്ടില്ലല്ലോ എന്നു തുടങ്ങി അനേകം മറുചോദ്യങ്ങൾ ചോദിക്കുവാൻ ഉണ്ടാകാം. പക്ഷെ ഏതു കാര്യത്തിലും നാം അനുസരിക്കേണ്ട നയം എന്തായിരിക്കണം. നമ്മുടെ ബുദ്ധിയേക്കാൾ കവിയുന്ന ഒന്നാണല്ലോ ദൈവത്തിന്റേത്. ആകയാൽ വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അതു കർത്താവായ യേശുക്രിസ്തുവിന്റെ അധികാരത്തിൽ ചെയ്വിൻ (കൊലോസ്യർ 3:17).

✶

# നിങ്ങൾ നിങ്ങളുടെ കടമ ചെയ്യുന്നുവോ?

## *W.A* ഹോളെ

നല്ലോരു ഭരണ തന്ത്രജ്ഞനായിരുന്നു ശലോമോൻ. അവനു കിട്ടിയ ജ്ഞാനം ദൈവത്തിന്റേതായിരുന്നു. തന്റെ കടമ ഉത്തരവാദിത്വത്തോടെ അവൻ നിർവ്വഹിക്കുകയും മറ്റുള്ളവരെ ഓരോ ജോലി ഏല്പിക്കുന്നതും ആ വിധത്തിൽ തന്നെയായിരുന്നു. വിവിധ ജോലികൾ ചെയ്യുവാനുണ്ടായിരുന്നതിൽ അവൻ നിർവ്വഹിക്കേണ്ട ജോലിയുമുണ്ടായിരുന്നു (2 ദിനവൃത്താന്തം 8: 14).

ദൈവമഹത്വം വർദ്ധിപ്പിക്കേണ്ടതിനു വേണ്ടിയാണ് കടമകൾ എല്ലാം വെച്ചിരിക്കുന്നത്. ആകയാൽ നാം എന്തു തിന്നാലും കുടിച്ചാലും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുക (1 കൊരിന്ത്യർ 10:31). പുകഴ്ച്ച കൊടുക്കേണ്ടതു ദൈവത്തിനായിരിക്കണം. അതു കൊണ്ടു തെറ്റുചെയ്യുവാൻ മടിക്കും. പാപം ഒന്നും ഒരിക്കലും ദൈവത്തിനു പുകഴ്ച്ചയോ മഹത്വമോ കൊടുക്കുന്നില്ല. പിന്നെയോ അതു ദൈവത്തെ ദുഃഖിപ്പിക്കയും കോപിപ്പിക്കയും ചെയ്യും.

എന്റെയും നിങ്ങളുടേയും രക്ഷിതാവായ യേശുക്രിസ്തു പറഞ്ഞു: "നിങ്ങൾ അങ്ങനെ നിങ്ങളോടു കല്പിച്ചതൊക്കെയും ചെയ്തിട്ടുള്ളു എന്നു പറവിൻ ". അതിന്റെ അർത്ഥം എന്തെന്നാൽ പ്രവർത്തികൾ ചെയ്തിട്ടു അതിൽ നിന്നു പുകഴ്ച്ച പ്രതീക്ഷിക്കരുത് എന്നതാണ്. നമ്മിൽ അതിനു യാതൊരു യോഗ്യതയുമില്ല എന്ന താണ് കാരണം. നമുക്കു പ്രശംസിപ്പാൻ നമ്മിൽ ഒന്നുമില്ല.

നമുക്കു കടമ ചെയ്യുവാനുള്ള കടപ്പാടാണുള്ളത്. ഏതൊരു പ്രവൃ ത്തിയും ചെയ്യുന്നതിനു മുൻപ് മനുഷ്യ മനസിൽ ആദ്യം വരേണ്ടതു ഈ ബോധ്യമാണ്. നല്കപ്പെട്ട അവസരവും ഗതിയും അവയുടെ കാരണവും ഫലവും തിരിച്ചറിഞ്ഞുവേണം നാം പ്രവർത്തിക്കുവാൻ. നമുക്കു കടപ്പാടുള്ളത് ആരോടാണെന്നു നാം മനസിലാക്കണം. ദൈവത്തോടുള്ള കടപ്പാടു തിരിച്ചറിയാത്തതുകൊണ്ടാണ് പലരും ദൈവ കല്പനകൾ പ്രമാണിക്കാത്തത്.

ഒരാളുടെ ബന്ധങ്ങളുടെ പ്രത്യേകതയനുസരിച്ചു കടമകളെ തരം തിരിക്കാവുന്നതാണ്. കടമകൾ ഉൾപ്പെടുന്ന ബന്ധങ്ങളിൽ ചിലതു നമുക്കു നാമകരണം ചെയ്യാം. താഴെ പറയുന്ന കാര്യങ്ങളെ മനസി ലാക്കുവാൻ ശ്രമിക്കുക.

1 നിങ്ങൾക്കു നിങ്ങളോടു തന്നെ ഒരു കടമയുണ്ട്. നിങ്ങൾ നിങ്ങ ളോടു സത്യസന്ധനാണോ? നിങ്ങൾക്ക് കഴിവുള്ള കാര്യങ്ങൾ നിങ്ങൾ ഏറ്റവും നന്നായി ചെയ്യുന്നുണ്ടോ? നിങ്ങൾ വിചാരിച്ചാൽ വാസ്തവത്തിൽ അതിനേക്കാൾ കൂടുതൽ ചെയ്യാൻ കഴിയുകയില്ലേ? നിങ്ങളെ നശിപ്പിക്കുന്ന രീതിയിൽ നിങ്ങളുടെ സ്വഭാവവും പ്രവൃ ത്തിയും നിങ്ങൾ പരിശീലിക്കാറുണ്ടോ? ഉദാഹരണമായി പറവാൻ പലതുണ്ട്. അവയിൽ ചിലത് മദ്യപാനം. വ്യഭിചാരം. കുലപാതകം. മോഷണം, മയക്കുമരുന്നു കുടങ്ങിയവയാണ്. ഇവയെല്ലാം ഒരാൾ തന്നെ നശിപ്പിക്കുന്ന പ്രവൃത്തിയാണ്. മനുഷ്യന്റെ നന്മക്കു വേണ്ടി യാണ് വേദപുസ്തകത്തിൽ ചെയ്യരുത് എന്നു പറഞ്ഞിരിക്കുന്ന തെല്ലാം (പുറപ്പാട് 20-ാം ആദ്ധ്യായം; റോമർ 13:9-11).

2 നിങ്ങൾക്കു നിങ്ങളുടെ ഭവനത്തോടു ഒരു കടമയുണ്ട്. "ഇതു നിമിത്തം വിവാഹത്താൽ പുരുഷൻ അപ്പനേയും അമ്മയേയും വിട്ടു പിരിഞ്ഞ് ഭാര്യയോടു പറ്റിച്ചേരും. അവർ ഇരുവരും ഒരു ദേഹമായി തീരും (മത്തായി 19:5; മർക്കൊസ് 10:6,7). നമ്മൾ സമ്മതിക്കാൻ ഇഷ്ട

പ്പെട്ടാലും ഇല്ലെങ്കിലും ഒരു വലിയ മനുഷ്യ സമൂഹത്തിന്റെ അടിസ്ഥാനം തന്നെ കുടുംബമാണ്. ഇന്നു കുടുംബസംഘടന ദൈവ ഭക്തിയില്ലാത്ത, ദൈവത്തിനു സ്ഥാനമില്ലാത്ത വെറും മാനുഷിക ശക്തിയാൽ രൂപപ്പെടുന്നുന്നവരായി മാറിയിരിക്കയാണ്. അതൊരു വലിയ തരം താഴ്ച്ചയാണ് എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. അപ്പനും അമ്മയും ഇല്ലാതെ വളരുന്ന കുട്ടികളെയും അവരുടെ ജീവിത ശൈലിയേയും പരിശോധിച്ചാൽ നമുക്കതു വ്യക്തമാകും. ദിശാബോധമോ ലക്ഷ്യമോ ഇല്ലാതെ പ്രവർത്തിക്കുന്ന വ്യക്തികളെ സമൂഹത്തിൽ വളർത്തുന്നതു ശാപമാണ്. ബാല്യത്തിൽ തന്നെ മാതാപിതാക്കൾ കുട്ടികൾക്ക് വേണ്ട ഗുണപാഠങ്ങളും നീതിവഴികളും പറഞ്ഞുകൊടുക്കണം (സദൃശവാക്യങ്ങൾ12:24;19:18; 22:6; എഫെസ്യർ 6:1-4; കൊലൊസ്യർ 3:20,21).

കർത്താവിന്റെ ബാല ശിക്ഷയിലും പത്ഥ്യോപദേശത്തിലും കുട്ടികൾ നടക്കേണ്ട വഴി അവരെ അഭ്യസിപ്പിക്കണം. യേശുക്രിസ്തുവിനെ എടുത്താൽ അവൻ ജനിച്ചു വളർന്നതു ഒരു തച്ചന്റെ അഥവാ ആശാരിയുടെ ഭവനത്തിലായിരുന്നു (മത്തായി 13:55; മർക്കൊസ് 6:3; പ്രവൃത്തി 18:3). പൗലൊസ് വളർന്നതു കൂടാരപ്പണിക്കാരുടെ ഭവനത്തിലായിരുന്നു. ഒന്നും ചെയ്യാനില്ലാത്ത അവസ്ഥ ആർക്കും ഉണ്ടാകരുത്. പ്രത്യേകിച്ചു വളർന്നു വരുന്ന കുട്ടികൾക്ക്. അലസന്റെ മനസ് പിശാചിന്റെ പണിശാലയാണെന്നു പറഞ്ഞു കേട്ടിട്ടില്ലേ?

3 നിങ്ങൾക്കു നിങ്ങളുടെ ദേശത്തോടു ഒരു കടമയുണ്ട്. "സകല മാനുഷ നിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ. ശ്രേഷ്ഠാധികാരി എന്നു വെച്ചു രാജാവിനും ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിനും സൽപ്രവൃത്തിക്കാരുടെ മാനത്തിനുമായി അവനാൽ അയക്കപ്പെട്ടവർ എന്നുവെച്ചു നാടുവാഴികൾക്കും കീഴടങ്ങുവിൻ. നിങ്ങൾ നന്മ ചെയ്തുകൊണ്ടു ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കേണം എന്നുള്ളതു ദൈവേഷ്ടം ആകുന്നു. സ്വതന്ത്രരായും സ്വാതന്ത്ര്യം ദുഷ്ടതക്കു മറയാകാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ. എല്ലാവരേയും ബഹുമാനിപ്പിൻ" (1പത്രൊസ് 2:13-17).

ഒരു ദേശത്തെ നശിപ്പിക്കാനുള്ള ഏറ്റവും വേഗത്തിലുള്ള വഴി ഭരണ കർത്താക്കളിലുള്ള വിശ്വാസം ഇല്ലാതാക്കുകയാണ്. നേതാ

ക്കന്മാരിലുള്ള വിശ്വാസം ഇല്ലാതായാൽ ജനങ്ങൾ ഇളകി മറിയും. നേതാക്കന്മാരെ അവർ അനുസരിക്കാതിരിക്കും. ദൈവ നിയമങ്ങൾക്കു വിധേയപ്പെടുന്നദേശത്തിനു കുഴപ്പമില്ല. അല്ലാത്ത ദേശത്തു എല്ലാം കുഴപ്പങ്ങൾ തന്നെ. ന്യായാധിപന്മാരുടെ കാലത്തു നടന്ന സംഭവങ്ങൾ ഇതു സ്ഥിരീകരിക്കുന്നു. ഇടയനില്ലാത്ത ആടുകൾ ചിതറിപ്പോകും; അവർക്കു തോന്നിയ ദിക്കിലേക്കു പോകും. അതുപോലെ ജനങ്ങളും രാജാവോ നടത്തിപ്പുകാരനോ ഇല്ലെങ്കിൽ ആളുകൾ തങ്ങൾക്കു ബോധിച്ചതുപോലെ ചെയ്യും; തരം കിട്ടുന്നേടത്തു പാർക്കുകയും ചെയ്യും. ക്രമമില്ലാത്ത ജീവിതം നയിക്കുന്നതിന്റെ ഒരു കാരണം അതായിരുന്നു (ന്യായാധിപന്മാർ 17:6–8; 1:9 ആവർത്തനം 12:8). പൂർണ്ണാധികാരിയെ മാനിക്കയോ അനുസരിക്കയോ ചെയ്യാതെ ജീവിക്കുന്ന ആളുകൾക്കു അയ്യോ കഷ്ടം എന്നല്ലാതെ എന്തു പറയാൻ ? (മത്തായി 28:18; എബ്രായർ 1:1,2; പ്രവൃത്തി 2:36 –38).

4 കർത്താവിന്റെ സഭയോടു നിങ്ങൾക്കു ഒരു കടമയുണ്ട്. നിങ്ങളുടെ പ്രദേശത്തുള്ള ക്രിസ്തുവിന്റെ സഭയോടു നിങ്ങൾ ബന്ധം പുലർത്തണം. നിങ്ങൾക്കു സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചില്ലെങ്കിൽ, രക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ, സഭ നിങ്ങളെ അതിനു സഹായിക്കും (1തിമൊഥെയോസ് 2:4).

★

സ്ത്രീകൾക്കു വേണ്ടി

# ക്രിസ്തീയ ജീവിതവും പ്രാർത്ഥനയും

### *Y.* പുഷ്പം മൈലക്കാട്

പ്രാർത്ഥിക്കുന്നവനാണ് മനുഷ്യൻ മനുഷ്യ വർഗ്ഗം പ്രാർത്ഥനാ ചൈതന്യം ഉള്ളവരാണ്. എന്നാൽ ക്രിസ്തീയ ജീവിതത്തിൽ പ്രാർത്ഥനയുടെ പ്രാധാന്യം നിസീമമാണ്. എന്താണ് പ്രാർത്ഥന? എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്? യേശുവിലൂടെ, പ്രവാചകന്മാ

രിലൂടെ ദൈവം അതിനുള്ള മറുപടി നമുക്കു തരുന്നു. തിരുവചനങ്ങളുടെ അടിസ്ഥാനത്തിൽ പ്രാർത്ഥനയെ കുറിച്ച് ഹ്രസ്വമായി വിചിന്തനം ചെയ്യാൻ ശ്രമിക്കാം.

എന്താണ് പ്രാർത്ഥന: ശിഷ്യന്മാർ യേശുവിനോട് അപേക്ഷിക്കുന്നു. യോഹന്നാൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതു പോലെ തങ്ങളേയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ എന്ന്. യേശു അവരെ മനോഹരമായി പ്രാർത്ഥന പഠിപ്പിക്കുന്നു (തത്തായി 6: 9–14). “സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.... ഈ പ്രാർത്ഥനയിൽ ദൈവത്തെ “പിതാവ്” എന്ന് സംബോധന ചെയ്യുന്നു. അതെ ദൈവം നമ്മുടെ പിതാവും നാം അവിടെത്തെ മക്കളുമാണ്. പ്രസ്തുത കർത്തൃ പ്രാർത്ഥനയിൽ സ്തുതി, യാചന, നന്ദി തുടങ്ങി എല്ലാ ഘടകങ്ങളും അടങ്ങിയിട്ടുണ്ട്. മത്തായിയുടെ സുവിശേഷം 6–ാം അദ്ധ്യായം5–9 വരെ വാക്യങ്ങളിൽ, നാം എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത് എന്ന് പഠിപ്പിക്കുന്നു. “നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപട ഭക്തിക്കാരെപ്പോലെ ആകരുത്. അവർ മനുഷ്യർക്ക് വിളങ്ങേണ്ടതിനു പള്ളികളിലും തെരുവീഥികളിലും നിന്നുകൊണ്ട് പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു. അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിലടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക: രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും. പ്രാർത്ഥനയിൽ നിങ്ങൾ ജാതികളെപ്പോലെ ജൽപനം ചെയ്യരുത് അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നാണല്ലോ അവർക്ക് തോന്നുന്നത്. അവരോട് തുല്യരാകരുത്. നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കും മുമ്പേ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ (മത്തായി 6:5–9). ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോട് കൂടെ ദൈവത്തെ അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തുയേശുവിങ്കൽ കാക്കും (ഫിലിപ്പിയർ 4:6–7). ആയതിനാൽ സങ്കീർത്തനക്കാരനോടൊപ്പം നമുക്കും പാടാം. “കർത്താവ് എന്റെ ഇടയൻ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല” (സങ്കീർത്തനം23:1).

നമുക്ക് അഭിമാനിക്കാൻ ഏറെയുണ്ട്. പ്രാർത്ഥിക്കാൻ അവകാശവും ഉണ്ട്. കാരണം, ദൈവം യിരമ്യാപ്രവാചകനിലൂടെ നമ്മോട് പറയുന്നു: "എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്. നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും" (യിരമ്മ്യാ 33:3). അതുകൊണ്ട് "നാം എപ്പോഴും സന്തോഷത്തോടെ ഇരിക്കണം" (1തെസ 5:16). ക്രിസ്തുവിനെ കർത്താവായി നമ്മുടെ ഹൃദയത്തിൽ നാം സൂക്ഷിക്കണം (1പത്രൊസ് 3:15). വീണ്ടും വചനം പറയുന്നു "വിശ്വസിച്ചുകൊണ്ട് നിങ്ങൾ പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും" (മത്തായി 21:22). മാത്രമല്ല കിട്ടിയ ദൈവാനുഗ്രഹങ്ങൾക്ക് നാം നന്ദിയുള്ളവരായിരിക്കണം (1തെസ 5:18). എപ്പോഴൊക്കെ നാം പ്രാർത്ഥിക്കണം? നമ്മുടെ രോഗാവസ്ഥയിലും, അല്ലാത്ത സമയത്തും ഉദാസീനരാകാതെ കർത്താവിനോട് പ്രാർത്ഥിക്കുക. അവിടന്ന് നിന്നെ സുഖപ്പെടുത്തും (സദൃശവാക്യം 38:9). എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ (ലൂക്കൊസ് 22:42) എന്ന് പ്രാർത്ഥിക്കണം. "കർത്താവിൽ ആശ്രയിക്കുന്നവനെ അവിടത്തെ സ്നേഹം വലയം ചെയ്യുമെന്ന്" സങ്കീർത്തനക്കാരൻ പറയുന്നു (സങ്കീർത്തനം 32:10). മാത്രമോ "കർത്താവിനോടുള്ള ഭക്തിവിജ്ഞാനത്തിന്റെ പൂർണ്ണതയുമാണ്" (സദൃശവാക്യം 1:16). ആയതിനാൽ നാം പ്രാർത്ഥിച്ചുകൊണ്ട് ജാഗരൂകരായിരിക്കണം (ലൂക്കൊസ് 21:30). അനർത്ഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക. ഞാൻ നിന്നെ മോചിപ്പിക്കും (സങ്കീർത്തനങ്ങൾ 50:51). നിരാശരാകാതെ നിരന്തരം പ്രാർത്ഥിക്കാൻ യേശു പറഞ്ഞ ഉപമ അറിയാമല്ലോ (ലൂക്കൊസ് 18:2-8). ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ ശങ്കിക്കുകയോ ചെയ്യാത്ത ന്യായാധിപൻ, തന്നെ നീതി നടത്തിക്കിട്ടുന്നതിന് വേണ്ടി നിരന്തരം ശല്യപ്പെടുത്തുന്ന വിധവയ്ക്ക് ന്യായം നടത്തിക്കൊടുക്കാൻ തീരുമാനിക്കുന്നു. അധാർമികനായ ആ ന്യായാധിപൻ അങ്ങനെ ചെയ്തെങ്കിൽ "തന്നോട് രാപകൽ നിലവിളിക്കുന്ന തന്റെ തെരഞ്ഞെടുക്കപ്പെട്ടവരോട് ദൈവം നീതി ചെയ്കയില്ലയോ? (ലൂക്കൊസ് 18:7,8) എന്ന് യേശുക്രിസ്തു ചോദിക്കുന്നു. ആത്മപ്രശംസ നടത്തുന്നതും മറ്റുള്ളവരെ നിന്ദിക്കുന്നതും ശരിയല്ല. പരീശനും ചുങ്കക്കാരനും പ്രാർത്ഥിക്കാൻ പോയ ഉപമ യേശു പറഞ്ഞത് ഇങ്ങനെയുള്ളവർക്ക് വേണ്ടിയാണ് (ലൂക്കൊസ് 18:10-14). ദയവായി ഗെത്ത്ശമനയിൽ അവൻ പ്രാർത്ഥിച്ച വേദഭാഗം വായിക്കുക1 (ലൂക്കൊസ് 22:32).

# വാർത്തകൾ

## കംപ്യൂട്ടർ പരിശീലനം

ശാസ്ത്രസാഹിത്യ ഇൻസ്റ്റിടുട്ട് നടത്തുന്ന സൗജന്യ കംപ്യൂട്ടർ പരിശീലനത്തിന് അപേക്ഷകൾ ക്ഷണിച്ചു. ഡി.ടി.പി(മലയാളം, ഇംഗ്ലീഷ്), എംഎസ് ഓഫീസ്, ഗൾഫ് പാക്കേജ്, ഡേറ്റാ എൻട്രി, ഫണ്ടമെന്റൽസ് ഓഫ് കംപ്യൂട്ടർ, കോറൽ ഡ്രാ, ഫോട്ടോ ഷോപ്പ്, വേഡ് പ്രോസസിങ്ങ് എന്നിവയിൽ ഇഷ്ടമുള്ള നാലു വിഷയങ്ങൾ പഠിക്കാം

✶

## റോഡ് സുരക്ഷ

റോഡ് സുരക്ഷാ ബോധവൽക്കരണത്തിന്റെ ഭാഗമായി ബൈക്ക് യാത്രക്കാരുടെ കൂട്ടായ്മ റാലി നടത്തി.. യാത്ര കവടിയാറിൽ തുടങ്ങി ശംഖുമുഖത്ത് അവസാനിപ്പിച്ചു. റോഡ് യാത്ര സുരക്ഷിതമാക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചുവരികയാണ്. അപകടങ്ങളുടെ കാരണങ്ങളും പ്രതിവിധിയും നിർദ്ദേശിക്കുന്നുണ്ട്.

✶

## മക്കളേ നിങ്ങൾക്കായി ഈ ശരീരങ്ങൾ

മക്കളുടെ വിദ്യാഭ്യാസവായ്പ തിരിച്ചടക്കാൻ പണം ലഭിക്കുന്നതിന് അവയവങ്ങൾ വില്ക്കാമെന്ന് മാതാപിതാക്കളുടെ പരസ്യം. നിയമാനുസൃതമായ മാറ്റിവെക്കൽ, വൈദ്യശാസ്ത്ര പരീക്ഷണം, തുടങ്ങി ഏതാവശ്യത്തിനും അവയവങ്ങൾ വിൽക്കാമെന്ന് ബോസ്റ്റൺ സ്വദേശികളായ ദമ്പതികളാണ് ഓൺലൈനിൽ പരസ്യം നൽകിയിരിക്കുന്നത്. രണ്ടു ലക്ഷം ഡോളറാണ് വായ്പ തിരിച്ചടക്കാൻ വേണ്ടത്.

✶

**Watch!**

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday 6 am to 6.30 am

## On JAI HIND CHANNEL

## കല്ലിനു പകരം പൂവ്

പട്ടം പറത്തുന്നു, ബലൂൺ തട്ടിക്കളിക്കുന്നു, ചിത്രം വരക്കുന്നു, പാട്ട് പാടുന്നു, പോരാത്തതിന് പൊലിസിന് പൂവും നൽകുന്നു. ബെഹ്റനിലെ സമരപോരാട്ടത്തിന്റെ രീതികളാണിവ. ഈ പ്രക്ഷോഭരീതി ഗാന്ധിജി പണ്ട് നടത്തിയ അഹിംസാമാർഗത്തെ വിളിച്ചോതുന്നതാണ് അക്രമസമരമുറക്ക് പകരം സമാധാന സമരമാർഗമാണ് ആളുകൾ സ്വീകരിക്കേണ്ടത്.

✶

## കള്ളന്മാരെ പിടിക്കാനും ഫേസ്ബുക്ക്

കൂട്ടുകൂടാൻ മാത്രമല്ല, കള്ളന്മാരെ പിടിക്കാനും ഇന്റർനെറ്റ് കൂട്ടായ്മയായ ഫേസ്ബുക്ക് റെഡി. മാസച്ചൂസിറ്റ്സിനടുത്തുള്ള ഒരു ഷോപ്പിങ്ങ് ഹാളിൽ കളവ് നടത്തിയ യുവാവിനെ പിടിക്കുവാൻ പൊലിസിനെ സഹായിച്ചത് ഫേസ്ബുക്ക് ആണ്.

✶

## തുറമുഖപണി പൂർത്തിയാക്കണം

വിഴിഞ്ഞം മൽസ്യബന്ധനതുറമുഖത്തിന്റെ അവശേഷിക്കുന്ന പണികൾ എത്രയും വേഗം പൂർത്തിയാക്കുവാൻ അധികാരികൾ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് വിഴിഞ്ഞം മഖലാക്കമ്മറ്റി ആവശ്യപ്പെട്ടു.

✶

## ബോംബ് നിർമ്മാണത്തിനിടെ സ്ഫോടനം

ബോംബ് നിർമ്മാണത്തിനിടെ മരിച്ചവരുടെ എണ്ണം കൂടി കൂടി വരുന്നു. നശീകരണത്തിനായി ഉണ്ടാക്കിയ വസ്തുക്കൾ ഉണ്ടാക്കിയവരുടെ തന്നെ മരണത്തിനിടയായി. മരിച്ചവരെല്ലാം യുവാക്കളായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 March**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11
Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*
*The*

**CHURCH OF CHRIST**

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To